## വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് അറുപത്തെട്ട്

## ഏഴു ദീപങ്ങളെയും, ഏഴു കണ്ണുകളെയും, ഏഴു ആത്മാക്കളെയും അനുഭവമാക്കുന്നത്

### ദൈവത്തിന്റെ കെട്ടിടം, പുതിയ യെരൂശലേം

Tue കഴിഞ്ഞകാല നിത്യതയിൽ പിതാവും, പുത്രനും, ആത്മാവുമായ നിസ്തുലനായ ത്രിയേക ദൈവം തന്നാൽത്തന്നെ നിലനിന്നു. മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കുവാൻ ദൈവം കടന്നുവന്നു എന്ന് ഉല്പത്തി 1:26 വെളിപ്പെടുത്തുന്നു. മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടുവെങ്കിലും, സൃഷ്ടിപ്പിന്റെ സമയത്ത് മനുഷ്യന് അവനിൽ ദൈവത്തിന്റെ ജീവൻ ഉണ്ടായിരുന്നില്ല. ഉല്പത്തി 1 മുതൽ വെളിപ്പാട് 22 വരെയുള്ള മുഴുവൻ വേദപുസ്തകം നാം വായിക്കുമ്പോൾ, നിരവധി യുഗങ്ങൾക്കും, തലമുറകൾക്കും, നൂറ്റാണ്ടുകൾക്കുംശേഷം ദൈവം അപ്പോഴും ഭാവികാല നിത്യതയിൽ ഉണ്ടായിരിക്കുമെന്ന് നാം കാണുന്നു. എങ്കിലും, അവൻ ഇനി തനിയെ ആയിരിക്കുകയില്ല. അവൻ അപ്പോഴും 22:1-ൽ ചിത്രീകരിച്ചിരിക്കുന്ന ദൈവവും, കുഞ്ഞാടും, ആത്മാവിനെ പ്രതീകവൽക്കരിക്കുന്ന ഒഴുകുന്ന നദിയും ആയ ത്രിയേക ദൈവമായിരിക്കുമെങ്കിലും, ആ സമയം അവൻ പുതിയ യെരൂശലേമിന്റെ കേന്ദ്രമായിരിക്കും. കഴിഞ്ഞകാല നിത്യതയിൽ, ദൈവം തനിയെ ആയിരുന്നു, എന്നാൽ ഭാവികാല നിത്യതയിൽ ത്രിയേക ദൈവം പുതിയ യെരൂശലേമിന്റെ കേന്ദ്രമായിരിക്കുകയും, മുഴുവൻ നഗരത്തെയും സാന്ദ്രീകരിക്കുകയും ചെയ്യും. ഇരുപത്തൊന്നും ഇരുപത്തിരണ്ടും അധ്യായങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന പുതിയ യെരൂശലേമിന്റെ ഛായാചിത്രം തന്റെ വികാസമെന്ന നിലയിൽ തന്റെ വീണ്ടെടുക്കപ്പെട്ട ജനവുമായി ദൈവം ഇഴുകിച്ചേരുമെന്നു സൂചിപ്പിക്കുന്ന ഒരു അടയാളമാണ്. ഒടുവിൽ, ഈ ജനം ഒരു കെട്ടിടമായിരിക്കും. ദിവ്യത്വത്താലും മനുഷ്യത്വത്താലും സംരചിക്കപ്പെടുന്ന ഈ കെട്ടിടം ദൈവത്തിന്റെയും മനുഷ്യന്റെയും പരസ്പര നിവാസമായിരിക്കും. ഇതാണ് വിശുദ്ധ വേദപുസ്തകത്തിന്റെ സുതാര്യമായ വെളിപാട്.

ഈ വെളിപാടിൽ മൂന്നു മുഖ്യകാര്യങ്ങൾ ഉൾപ്പെടുന്നു: നിസ്തുലനായ ദൈവവും, സൃഷ്ടിക്കപ്പെട്ട മനുഷ്യനും, പണിയപ്പെട്ട പുതിയ യെരൂശലേമും. മുഴുവൻ വേദപുസ്തകത്തിൽ ഈ മൂന്നു കാര്യങ്ങൾ ഉള്ളടങ്ങുന്നു. ദൈവം മനുഷ്യനിലേക്കു വരുകയും, അവനെ വീണ്ടുംജനിപ്പിക്കുകയും, അവനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുമ്പോൾ, അവൻ അവനെത്തന്നെ മനുഷ്യനുമായി ഇഴുകിച്ചേർക്കുന്നു. മനുഷ്യനുമായി ഇഴുകിച്ചേരുന്നതിലൂടെ ദൈവം വികാസംപ്രാപിക്കുന്നു. ഈ ഇഴുകിച്ചേരലിന്റെ ഫലം പുതിയ യെരൂശലേം എന്ന കെട്ടിടമാണ്. അങ്ങനെ, ദൈവത്തിന്റെ കെട്ടിടമായ പുതിയ യെരൂശലേം സൃഷ്ടിക്കപ്പെട്ടവനും, വീണ്ടെടുക്കപ്പെട്ടവനും, വീണ്ടുംജനിപ്പിക്കപ്പെട്ടവനുമായ മനുഷ്യനുമായുള്ള ദൈവത്തിന്റെ ഇഴുകിച്ചേരലാണ്. ഈ ആശ്ചര്യകരമായ കെട്ടിടത്തിന്റെ ഒരു ദർശനം നമുക്കെല്ലാവർക്കും ഉണ്ടായിരിക്കണം.

## ദൈവത്തിന്റെ മാറ്റമില്ലാത്ത കെട്ടിടത്തിലേക്ക് കൊണ്ടുവരപ്പെടുന്നു

രക്ഷിക്കപ്പെട്ട സമയം മുതൽ അനേകം മാറ്റങ്ങളിലൂടെ താൻ കടന്നുപോയിട്ടുണ്ടെന്ന് ഈയിടെ ഒരു സഹോദരൻ സാക്ഷ്യപ്പെടുത്തിയിരുന്നു. കുറച്ചു സമയത്തേക്ക് അവൻ സന്തോഷവാനായിരിക്കും, പിന്നീട് ഒരു മാറ്റം സംഭവിക്കും. ഒരു ഘട്ടത്തിൽ താൻ ജയകരമായ ജീവിതത്തിലേക്കു വന്നുവെന്ന് അവൻ ചിന്തിച്ചു, എന്നാൽ പിന്നെയും കാര്യങ്ങൾക്ക് മാറ്റംവന്നു. ആദാമിന്റെ സമയം മുതൽ പുതിയ യെരൂശലേമിന്റെ സമയം വരെ എത്രമാത്രം മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും ഇനിയും വരുമെന്നും ചിന്തിച്ചുനോക്കുക. നിങ്ങൾ വളരെയധികം മാറ്റങ്ങൾ അനുഭവിച്ചതിനുള്ള കാരണം ദൈവത്തിന്റെ മാറ്റമില്ലാത്ത കെട്ടിടത്തിലേക്ക് നിങ്ങൾ ഇതുവരെ കൊണ്ടുവരപ്പെട്ടിട്ടില്ല എന്നതാണ്. നാം എല്ലാവരും ദൈവത്തിന്റെ കെട്ടിടത്തിലേക്കു കൊണ്ടുവരപ്പെടുന്നതുവരെ, നാം മാറിക്കൊണ്ടേയിരിക്കും. അവന്റെ കെട്ടിടത്തിലേക്ക് നാം വന്നതിനുശേഷം മാത്രമേ പിന്നീടൊരു മാറ്റം ഇല്ലാതിരിക്കുകയുള്ളൂ. വെളിപ്പാട് 3:12 പറയുന്നു, "ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും: അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല." നാം ദൈവത്തിന്റെ ആലയത്തിലേക്ക് പണിതുചേർക്കപ്പെട്ടതിനുശേഷം മാത്രമേ നമുക്ക് മാറ്റം ഉണ്ടാകുന്നത് അവസാനിക്കുകയുള്ളൂവെന്ന് ഇത് സൂചിപ്പിക്കുന്നു. അതേസമയം, നമുക്ക് മാറ്റമുണ്ടാകുന്തോറും നാം കെട്ടിടത്തിലേക്ക് അടുത്തുകൊണ്ടുമിരിക്കുന്നു. നമ്മുടെ നിത്യമായ ദൈവകല്പിതം ദൈവത്തിന്റെ കെട്ടിടത്തിലായിരിക്കുന്നതാണ്. എങ്കിലും, ഇന്ന് മിക്ക ക്രിസ്ത്യാനികൾക്കുമിടയിൽ കെട്ടിടമില്ല. പകരം തുടർച്ചയായ അലച്ചിലും സ്ഥലംമാറ്റവുമാണ് ഉള്ളത്.

## പതിമൂന്നു കാര്യങ്ങൾ

ഉല്പത്തിപുസ്തകത്തിൽ പ്രധാനപ്പെട്ട എട്ടു മനുഷ്യരുണ്ട്: ആദാമും, ഹാബേലും, ഏനോശും, ഹാനോക്കും, നോഹയും, അബ്രാഹാമും, യിസ്ഹാക്കും, യാക്കോബും. അവസാനം ഈ എട്ടു മനുഷ്യർ ദൈവത്തിന്റെ കെട്ടിടത്തിൽ പരിണമിച്ചു. പഴയനിയമത്തിൽ ഈ കെട്ടിടം കൂടാരത്താലും ആലയത്താലും മുൻകുറിക്കപ്പെട്ടിരുന്നു. പുതിയനിയമത്തിൽ നമുക്ക് കെട്ടിടത്തിന്റെ യാഥാർഥ്യമുണ്ട്. യേശു കൂടാരവും (യോഹ. 1:14), സഭ ആലയവും (1 കൊരി. 3:16), പുതിയ യെരൂശലേം ആത്യന്തികപരിണതിയും ആണ്. മൊത്തത്തിൽ പതിമൂന്ന് കാര്യങ്ങളുണ്ട്: ഉല്പത്തിയിലെ എട്ടു മനുഷ്യരും, മുൻകുറിയായ കൂടാരവും ആലയവും, യാഥാർഥ്യമായ യേശുവും സഭയും, പിന്നെ പുതിയ യെരൂശലേമും.

## നിലവിളക്കും ഏഴു ദീപങ്ങളും

നിലവിളക്ക് ജനത്തെ അതിവിശുദ്ധസ്ഥലത്തിലുള്ള പെട്ടകത്തിലേക്ക് വഴിനടത്തുന്നതുകൊണ്ട്, അത് കൂടാരത്തിലെ വളരെ നിർണ്ണായകമായ ഒരു കാര്യമായിരുന്നു. കൂടാരത്തിലെയും പ്രാകാരത്തിലെയും ഉപകരണങ്ങളുടെ ക്രമീകരണം നോക്കുക. ഒന്നാമത്, പ്രാകാരത്തിൽ യാഗപീഠവും തൊട്ടിയും ഉണ്ടായിരുന്നു. പിന്നെ, വിശുദ്ധസ്ഥലത്ത്, കാഴ്ചയപ്പത്തിന്റെ മേശയും, ഏഴു ദീപങ്ങളോടുകൂടിയ നിലവിളക്കും ഉണ്ടായിരുന്നു. നിലവിളക്ക് ജനത്തെ അതിവിശുദ്ധ സ്ഥലത്തിലേക്ക് വഴിനടത്തിയിരുന്നു: അത് സാക്ഷ്യപെട്ടകത്തിലെ ജീവപ്രമാണത്തിലേക്കുള്ള വഴി ചൂണ്ടിക്കാണിച്ചു.

നമുക്ക് പുറപ്പാടുപുസ്തകം മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ, നിലവിളക്കിന്റെയും അതിലെ ഏഴു ദീപങ്ങളുടെയും സവിശേഷത മനസ്സിലാക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ സെഖര്യാവ് 3-ലും 4-ലുമുള്ള ദീപങ്ങളോടുകൂടിയ നിലവിളക്ക് പുറപ്പാട് 25-ലെ നിലവിളക്കിന്റെ ഒരു വികാസമായി പിന്നെയും പ്രത്യക്ഷപ്പെടുന്നു. സെഖര്യാവ് 3:9-ൽ നമുക്ക് കല്ലിന്മേലുള്ള ഏഴു കണ്ണുകളുണ്ട്, 4:10-ൽ ഏഴു കണ്ണുകൾ "സർവഭൂമിയിലും ഊടാടിച്ചെല്ലുന്ന" കർത്താവിന്റെ കണ്ണുകളാണെന്നും നാം കാണുന്നു. നാം സെഖര്യാവ് 4:10-നെ സെഖര്യാവ് 4:2-നോട് ചേർത്തു വയ്ക്കുമ്പോൾ, നിലവിളക്കിന്റെ ഏഴു ദീപങ്ങൾ കർത്താവിന്റെ ഏഴു കണ്ണുകളും ആണെന്ന് നാം കാണുന്നു. അങ്ങനെ, പുറപ്പാടിലെ ഏഴു ദീപങ്ങൾ സെഖര്യാവിൽ കർത്താവായ യഹോവയുടെ ഏഴു കണ്ണുകളായി വികാസംപ്രാപിച്ചു. കൂടാതെ, ഈ ഏഴു ദീപങ്ങൾ കല്ലിന്റെ ഏഴു കണ്ണുകളാണ്. അതുകൊണ്ട്, സെഖര്യാവിൽ ഏഴു ദീപങ്ങൾ ഏഴു കണ്ണുകളായി വികാസംപ്രാപിക്കുകയും, നിലവിളക്ക് കല്ലായും

കർത്താവായ യഹോവയായും വികാസംപ്രാപിക്കുകയും ചെയ്തു. ഇക്കാരണത്താൽ, ഏഴു ദീപങ്ങൾ ഏഴു കണ്ണുകളും, നിലവിളക്ക് കർത്താവായ യഹോവയായ കല്ലും ആണ്. ഇവിടെ നമുക്ക് ഏഴു ദീപങ്ങൾ മാത്രമല്ല, ഏഴു കണ്ണുകളും ഉണ്ട്; നിലവിളക്കു മാത്രമല്ല, യഹോവയായ കല്ലും ഉണ്ട്. ഇത് വിവക്ഷിക്കുന്നത് ഏഴു ദീപങ്ങൾ ഏഴു കണ്ണുകളാണെന്നും, നിലവിളക്ക് യഹോവയാണെന്നും ആണ്.

Wed

## പുതിയനിയമത്തിലെ കല്ല്

നിരവധി തവണ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, കല്ല് എന്ന വിഷയം പുതിയനിയമത്തിൽ വികാസംപ്രാപിച്ചിരിക്കുന്നു. മത്തായി 16:18-ൽ കർത്താവായ യേശു പറഞ്ഞു, "നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും." ഇവിടെ കർത്താവ് അവനെത്തന്നെ പാറയായി പരാമർശിക്കുന്നു. മത്തായി 21:42-ൽ അവൻ പറഞ്ഞു, "പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തലയായി തീർന്നിരിക്കുന്നു. ഇത് കർത്താവിൽനിന്നും ആയിരുന്നു, ഇത് നമ്മുടെ കണ്ണുകളിൽ ആശ്ചര്യകരവുമാകുന്നു എന്ന് നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ?" ഇവിടെ പരാമർശിച്ചിരിക്കുന്ന കല്ല് സെഖര്യാവ് 3:9-ലെ ഏഴു കണ്ണുകളോടുകൂടിയ അതേ കല്ലു തന്നെയാണ്. കർത്താവ് ഈ കല്ലാണെന്ന് പ്രവൃത്തികൾ 4:11-ൽ പത്രൊസ് പറഞ്ഞു, "പണിക്കാരായ നിങ്ങൾ, ഒന്നുമല്ലാത്തതായി കണക്കാക്കിയ കല്ല് ഇതാകുന്നു, അത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു." തങ്ങളുടെ വീണ്ടെടുപ്പുകാരനെ മാത്രമല്ല, ദൈവത്തിന്റെ കെട്ടിടത്തിന്റെ മൂലക്കല്ലിനെയും അവർ തിരസ്കരിച്ചുവെന്ന് പത്രൊസ് മതാനുസാരികളോട് പറയുകയായിരുന്നു.

## ഏഴു ദീപങ്ങളുടെ അധികമായിട്ടുള്ള വിപുലീകരണം

വെളിപ്പാട് 4-ലും 5-ലും നമുക്ക് ഏഴു ദീപങ്ങളുടെ അധികമായിട്ടുള്ള വിപുലീകരണമുണ്ട്. 4:5 അനുസരിച്ച്, നിലവിളക്കിലെ ഏഴു ദീപങ്ങൾ ദൈവസിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങളാണ്. നിലവിളക്കിലെ ഏഴു ദീപങ്ങൾ പ്രകാശിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു, എന്നാൽ ദൈവസിംഹാസനത്തിൻമുമ്പിലുള്ള ഏഴു ദീപങ്ങൾ പ്രകാശിപ്പിക്കുന്നതിനും ദൈവത്തിന്റെ ഭരണസംബന്ധമായ ഭരണകൂടത്തിന്റെ നിർവഹണത്തിനുവേണ്ടിയും ആണ്. സിംഹാസനത്തിനുമുമ്പിൽ ജ്വലിച്ചുകൊണ്ടിരുന്ന ഏഴു ദീപങ്ങൾ കുഞ്ഞാടിന്റെ ഏഴു കണ്ണുകളും ആണെന്ന് വെളിപ്പാട് 5:6 ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ, ഏഴു കണ്ണുകൾ കല്ലിന്റെ ഏഴു കണ്ണുകളും, കർത്താവിന്റെ ഏഴു കണ്ണുകളും, കുഞ്ഞാടിന്റെ ഏഴു കണ്ണുകളും ആണ്. ഈ ഏഴു കണ്ണുകൾ കല്ലിനെയും, കർത്താവിനെയും,

കുഞ്ഞാടിനെയും കൂട്ടിയോജിപ്പിക്കുന്നു. ഇതു സൂചിപ്പിക്കുന്നത് കുഞ്ഞാട് കല്ലാണെന്നും, കല്ല് കർത്താവാണെന്നും ആണ്. അതുകൂടാതെ, കുഞ്ഞാടിന്റെ ഏഴു കണ്ണുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണെന്ന് 5:6 വെളിപ്പെടുത്തുന്നു. ഒരുവശത്ത്, നിലവിളക്ക്, കല്ല്, യഹോവ, കുഞ്ഞാട്, ദൈവസിംഹാസനം, ദൈവം എന്നീ ആറു കാര്യങ്ങൾ ഉൾപ്പെടുന്ന ഒരു നിരയുണ്ട്. മറുവശത്ത്, ഏഴു ദീപങ്ങൾ, ഏഴു കണ്ണുകൾ, ഏഴ് ആത്മാക്കൾ എന്നീ മൂന്ന് കാര്യങ്ങളോടുകൂടിയ മറ്റൊരു നിരയുണ്ട്. നിലവിളക്ക് വെളിച്ചം നല്കുന്നതിനെ സൂചിപ്പിക്കുകയും, കല്ല് ദൈവത്തിന്റെ കെട്ടിടത്തെ പരാമർശിക്കുകയും ചെയ്യുന്നു. നമ്മുടെ രക്ഷകനായ യേശു യഹോവയും, വീണ്ടെടുപ്പുകാരൻ കുഞ്ഞാടും ആണ്. ദൈവസിംഹാസനം ദൈവത്തിന്റെ ഭരണകൂടത്തെ, ദൈവത്തിന്റെ ഭരണനിർവഹണത്തെ, ചൂണ്ടിക്കാണിക്കുന്നു.

## ദൈവത്തിന്റെ ഭരണനിർവഹണം നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഏഴു ദീപങ്ങൾ

ദീപങ്ങൾ പ്രകാശിപ്പിക്കുന്നതിനും, തിരയുന്നതിനും, തുറന്നു കാണിക്കുന്നതിനും, വിധിക്കുന്നതിനും, ദഹിപ്പിക്കുന്നതിനും വേണ്ടിയാണ്. ഇതെല്ലാം ദൈവത്തിന്റെ ഭരണനിർവഹണം നടപ്പിലാക്കുന്നതിനു വേണ്ടിയാണ്. ഇന്ന്, പ്രകാശിപ്പിക്കുകയും, തിരയുകയും, തുറന്നുകാണിക്കുകയും, വിധിക്കുകയും, ദഹിപ്പിക്കുകയും ചെയ്യുന്നതു മുഖാന്തരം ദൈവം തന്റെ ഭരണനിർവഹണം നടത്തിക്കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ പ്രകൃതത്തോടു യോജിക്കാത്ത സകലവും തന്റെ അഗ്നിയാൽ ദഹിപ്പിക്കപ്പെടും. നാം രക്ഷിക്കപ്പെടുകയും അല്പം രൂപാന്തരത്തിലൂടെ കടന്നുപോകുകയും ചെയ്യെങ്കിലും, നമ്മുടെ വേല പൊന്നും, വെള്ളിയും, വിലിയേറിയ കല്ലും അല്ല, മറിച്ച് മരവും, പുല്ലും, വൈക്കോലും ആണെങ്കിൽ അത് വെന്തുപോകും (1 കൊരി. 3:12-15). ജഡികമായ ഏതു വേലയും, അത് കർത്താവിന്റെ നാമത്തിലാണ് ചെയ്യതെങ്കിലും വാസ്തവത്തിൽ അവനുമായി യാതൊരു ബന്ധവു മില്ലാത്തതിനാൽ, വെന്തുപോകും. ദൈവത്തിൽ നിന്നുള്ളതല്ലാത്ത, അഥവാ ദൈവത്തിനൊത്തവണ്ണമല്ലാത്ത സകലതും, അത് സഭയെന്ന് വിളിക്കപ്പെടുന്നതോ, ഒരു ക്രിസ്തീയ വേലയോ, സുവിശേഷപ്രസംഗമോ പോലുമാകട്ടെ, മരമെന്നും, പുല്ലെന്നും, വൈക്കോലെന്നും ദൈവത്താൽ എണ്ണപ്പെടുകയും, തീയാൽ ദഹിപ്പിക്കപ്പെടുകയും ചെയ്യും. ഈ ദഹിപ്പിക്കലാണ് ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ നടപ്പാക്കൽ. ദൈവം ദഹിപ്പിക്കുന്നവ നാണെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു (ആവ. 4:24; എബ്രാ. 12:29). അവനു വെളിയിലുള്ളതോ അവന്റെ പ്രകൃതത്തോട് യോജിക്കാത്തതോ ആയ സകല കാര്യങ്ങളും ദഹിപ്പിക്കപ്പെടും.

പ്രകാശിപ്പിക്കുകയും, തിരയുകയും, തുറന്നുകാണിക്കുകയും, വിധിക്കുകയും, ദഹിപ്പിക്കുകയും ചെയ്യുന്ന ദീപങ്ങൾ ദൈവത്തോട് യോജിക്കാത്ത സകലത്തെയും കത്തിച്ചുകളയുമെങ്കിലും, അവ വാസ്തവമായും അവന്റെ പ്രകൃതത്തിന് അനുസരിച്ചുള്ളവയെ ശുദ്ധീകരിക്കും. കത്തിച്ചുകളയുന്നതിനു പകരം, ആ കാര്യങ്ങൾ ശുദ്ധീകരിക്കപ്പെടും. കിട്ടം തീപ്പൊയ്കയിലേക്കു പോകും, എന്നാൽ ശുദ്ധിചെയ്ത പൊന്ന് പുതിയ യെരൂശലേമിലേക്ക് പോകും.

അന്യോന്യം കാര്യങ്ങൾ മറച്ചുവയ്ക്കുവാൻ നമുക്കു സാധിക്കുമായിരിക്കാം, എന്നാൽ ഏഴു ദീപങ്ങൾ നമ്മുടെമേൽ പ്രകാശിക്കുമ്പോൾ നാം പൂർണ്ണമായി നഗ്നരും തുറന്നുകാട്ടപ്പെട്ടവരും ആണ്. അപ്പോൾ നമ്മെത്തന്നെ മറയ്ക്കുവാനോ പൊതിയുവാനോ കഴിയുകയില്ല. നാം ആയിരിക്കുന്നതും, ചെയ്യുന്നതും, പറയുന്നതും, ചിന്തിക്കുന്നതുമെല്ലാം തുറന്നുകാട്ടപ്പെടുകയും, വിധിക്കപ്പെടുകയും, ദഹിപ്പിക്കപ്പെടുകയും ചെയ്യും. നിങ്ങളുടെ സംസാരം ദൈവത്തിന്റെ പ്രകൃതത്തോട് യോജിക്കുന്നുവെങ്കിൽ, അത് ശുദ്ധിചെയ്ത പൊന്നായിരിക്കും. അല്ലെങ്കിൽ, അത് കിട്ടമായിരിക്കും. ഇതാണ് ഏഴു ദീപങ്ങളുടെ അനുഭവം.

## സന്നിവേശിപ്പിക്കുന്നതിനും നിവേശിപ്പിക്കുന്നതിനും വേണ്ടിയുള്ള ഏഴു കണ്ണുകൾ

ഏഴു ദീപങ്ങൾ ഒരേസമയം കുഞ്ഞാടിന്റെയും കല്ലിന്റെയും ഏഴു കണ്ണുകളാണ്. ദീപങ്ങൾ പ്രകാശിപ്പിക്കുന്നതിനും ദഹിപ്പിക്കുന്നതിനും വേണ്ടിയാണ്; കണ്ണുകൾ ജാഗരിച്ചിരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും, അതോടൊപ്പം സന്നിവേശിപ്പിക്കുന്നതിനും നിവേശിപ്പിക്കുന്നതിനും വേണ്ടിയാണ്. നാം അവനെപ്പോലെയാകത്തക്കവണ്ണം, ഏഴു കണ്ണുകൾ കുഞ്ഞാടു-കല്ലായിരിക്കുന്ന സകലത്തെയും നമ്മുടെ ആളത്തത്തിലേക്ക് സന്നിവേശിപ്പിക്കുന്നു. 1 പത്രൊസ് 2:4-ഉം 5-ഉം പറയുന്നു, "മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്, നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി പണിയപ്പെടുന്നു." നാം ജീവനുള്ള കല്ലുകളായിത്തീരുവാനുള്ള മാർഗം അവന്റെ അടുക്കൽ വരുകയും അവനാൽ കാണപ്പെടുകയും ചെയ്യുന്നതാണ്. കർത്താവ് നമ്മെ പ്രകാശിപ്പിക്കുകയും വിധിക്കുകയും ചെയ്യുമ്പോൾ, അവൻ നമ്മെ നോക്കുകയും അവന്റെ ഏഴു കണ്ണുകൾ അവനെ നമ്മിലേക്ക് നിവേശിപ്പിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ നാം രൂപാന്തരപ്പെടുന്നു.

നാം രക്ഷിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ, കർത്താവിന്റെ ഏഴു ദീപങ്ങളാൽ ഈ രീതിയിൽ പ്രകാശിപ്പിക്കപ്പെടുന്നത് ഭയാനകമായ

ഒരു അനുഭവമാകുമായിരുന്നു. എന്നാൽ, രക്ഷിക്കപ്പെട്ടവരെന്ന നിലയിൽ, ഈ രീതിയിൽ പ്രകാശിപ്പിക്കപ്പെടുന്നത് മനോഹരമാണ്. എങ്കിലും, നമ്മുടെ വേലയും നമ്മുടെ ജീവിതവും ജഡപ്രകാരവും, ആത്മാവിലല്ല സ്വയത്തിനനുസരിച്ചും ആണെങ്കിൽ, ഏഴു ദീപങ്ങളാൽ പ്രകാശിപ്പിക്കപ്പെടുന്നത് ഭയാനകമായിരിക്കും, കാരണം നമ്മുടെ ജീവിതവും നമ്മുടെ വേലയും തീയാൽ തുറന്നുകാട്ടപ്പെടുകയും ദഹിപ്പിക്കപ്പെടുകയും ചെയ്യും. എന്നാൽ നാം ആത്മാവിലും ദൈവത്തിന്റെ പ്രകൃതമനുസരിച്ചും ജീവിക്കുന്നുവെങ്കിൽ, ഏഴു ദീപങ്ങൾ എത്രയധികം നമ്മെ പ്രകാശിപ്പിക്കുന്നുവോ, അത്രയുമധികം കർത്താവ് നമ്മെ നോക്കുകയും, അത്രയുമധികം നാം അവനായിരിക്കുന്ന സകലതുംകൊണ്ട് സന്നിവേശിപ്പിക്കപ്പെടുകയും നിവേശിപ്പിക്കപ്പെടുകയും ചെയ്യും. ഇത് നമ്മുടെ അനുഭവത്താൽ ഉറപ്പിക്കപ്പെടുന്നു.

## ജീവൻ പകരുന്നതിനുവേണ്ടിയുള്ള ഏഴ് ആത്മാക്കൾ

കർത്താവ് താനായിരിക്കുന്ന സകലത്തെയുംകൊണ്ട് നമ്മെ സന്നിവേശിപ്പിക്കുകയും നിവേശിപ്പിക്കുകയും ചെയ്തുകൊണ്ട് ഏഴു കണ്ണുകൾ നമ്മെ നോക്കുമ്പോൾ, ഏഴു കണ്ണുകൾ പെട്ടെന്ന് നമ്മിലേക്ക് ജീവൻ പകരുന്ന ഏഴ് ആത്മാക്കളായിത്തീരുന്നു. കണ്ണുകൾ നമ്മെ നിവേശിപ്പിക്കുമ്പോൾ ഏഴ് ആത്മാക്കൾ നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും ജീവൻ പകരുന്നു. അതുകൊണ്ട്, ദീപങ്ങൾ പ്രകാശിപ്പിക്കുന്നതിനും വിധിക്കുന്നതിനുംവേണ്ടിയും, കണ്ണുകൾ സന്നിവേശിപ്പിക്കുന്നതിനും നിവേശിപ്പിക്കുന്നതിനുംവേണ്ടിയും, ആത്മാക്കൾ നാം അവന്റെ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടത്തക്കവണ്ണം ജീവൻ പകരുന്നതിനുവേണ്ടിയും ആണ്. നാം എത്രയധികം ഇത് അനുഭവമാക്കുന്നുവോ, അത്രയുമധികം നാം ചേർത്തു പണിയപ്പെടും. ഇക്കാരണത്താൽ, ദൈവത്തിന്റെ കെട്ടിടത്തെക്കുറിച്ച് ആത്യന്തികമായ രീതിയിൽ പറയുന്ന വെളിപ്പാടുപുസ്തകത്തിൽ, ഏഴു ദീപങ്ങളാലും, ഏഴു കണ്ണുകളാലും, ഏഴ് ആത്മാക്കളാലും ദൈവത്തിന്റെ കെട്ടുപണി നിവർത്തിക്കപ്പെടുന്നുവെന്ന് അനാവരണം ചെയ്യുന്ന ഈ രണ്ട് അധ്യായങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. നാം എല്ലാവരും ഏഴു ദീപങ്ങളുടെ പ്രകാശിപ്പിക്കലിൻകീഴിലും, ഏഴു കണ്ണുകളുടെ നോട്ടത്തിൻകീഴിലും, ഏഴ് ആത്മാക്കളുടെ ജീവപ്പകർച്ചയിൻകീഴിലും ആയിരിക്കണം. ഈ നാളുകളിൽ നമ്മിൽ അനേകരും ഏഴു ദീപങ്ങളുടെയും, ഏഴു കണ്ണുകളുടെയും, ഏഴ് ആത്മാക്കളുടെയും കീഴിലാണ്. ഇതിനായി കർത്താവിനെ സ്തുതിക്കുന്നു! ദിവസംതോറും ഞാൻ തുറന്നുകാട്ടപ്പെടുന്നുവെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഇത് നിങ്ങളുടെയും അനുഭവമല്ലേ? എന്നാൽ നാം സന്നിവേശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഓരോ ദിവസവും കർത്താവിൽനിന്നുള്ള ചിലത്

എന്നിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നുവെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഇതിന്റെ ഫലം ജീവനിലുള്ള അധികമായ വളർച്ചയാണ്. യുവാക്കൾ മാത്രം ജീവനിൽ വളരുന്നുവെന്ന് ചിന്തിക്കരുത്. ഞാൻ പ്രായംചെന്ന ഒരുവനാണെങ്കിലും, ഏഴ് ആത്മാക്കളുടെ ജീവൻ പകരുന്ന വേലയാൽ ഞാൻ ദിനംതോറും കൂടുതൽ ജീവൻ സ്വീകരിക്കുന്നതുകൊണ്ട്, ഞാൻ ഇപ്പോഴും വളർന്നുകൊണ്ടിരിക്കുന്നു.

## ഏഴു ദീപങ്ങൾ ജീവജലനദിയായിത്തീരുന്നു

അവസാനമായി, സിംഹാസനത്തിൻമുമ്പിലുള്ള ഏഴു ദീപങ്ങൾ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ജീവനദിയായിത്തീരുന്നു. നാലാം അധ്യായത്തിൽ നമുക്ക് ദൈവസിംഹാസനത്തിൻമുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങളും, ഇരുപത്തിരണ്ടാം അധ്യായത്തിൽ നമുക്ക് ദൈവത്തിന്റെ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ജീവജലനദിയും ഉണ്ട്. അങ്ങനെ, ഏഴു ദീപങ്ങൾ ഒരു നദിയായിത്തീരുന്നു. നമ്മുടെ അനുഭവമനുസരിച്ച്, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ഒന്നാമത് ജ്വലിക്കുന്ന ഏഴു ദീപങ്ങളാണ്. ഏഴു ദീപങ്ങളുടെ ജ്വലനം നാം സ്വീകരിച്ചതിനുശേഷം, ഏഴ് ആത്മാക്കൾ ഒരു ഒഴുക്കായിത്തീരുന്നു. നാലാം അധ്യായത്തിൽ നമുക്ക് പുതിയ യെരൂശലേം ഇല്ല, കാരണം ഏഴു ദീപങ്ങളോടുകൂടെ മാത്രമേ കെട്ടുപണിയുള്ളൂ. എന്നാൽ ഏഴു ദീപങ്ങളെ പകരംവയ്ക്കുവാൻ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന നദിയെ നാം കാണുമ്പോൾ കെട്ടിടം വന്നുവെന്നും നാം അറിയുന്നു. ഒരുപക്ഷേ ഇന്നലെ നിങ്ങൾ ഏഴു ദീപങ്ങളുടെ പ്രകാശിപ്പിക്കലിനും ദഹിപ്പിക്കലിനും കീഴിലായിരുന്നു. എന്നാൽ ഇന്നു രാവിലെ നിങ്ങൾ ജീവജലത്തിന്റെ ഒഴുക്കിലാണ്. ദീപങ്ങൾ മാത്രമുള്ളപ്പോൾ കെട്ടിടമില്ല; എന്നാൽ ഒഴുക്കുള്ളപ്പോൾ പുതിയ യെരൂശലേം ഉണ്ട്. നാം ഒഴുക്കിലായിരിക്കുമ്പോൾ നാം ദൈവത്തിന്റെ കെട്ടിടത്തിന്റെ ഒരു ഭാഗമാണ്.

വെളിപ്പാടുപുസ്തകമനുസരിച്ച്, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ഒന്നാമത് ദൈവത്തിന്റെ ഭരണനിർവഹണ സിംഹാസനത്തിനു മുമ്പിൽ ജ്വലിക്കുന്ന ദീപങ്ങളാണ്. അവസാനം, ദൈവത്തിന്റെ കെട്ടിടത്തിൽ, ദൈവത്തിന്റെ ഈ ഏഴ് ആത്മാക്കൾ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ജീവജലനദിയായിത്തീരുന്നു. ഇപ്പോൾ ഈ സിംഹാസനം ഭരണനിർവഹണം നടത്തുന്ന സിംഹാസനം മാത്രമല്ല, സഹായം നല്കുന്ന സിംഹാസനവും ആണ്. ഈ രീതിയിൽ നമുക്ക് കെട്ടിടമുണ്ട്. നാം എത്രയധികം പ്രകാശിപ്പിക്കപ്പെടുകയും ദഹിപ്പിക്കൽ സ്വീകരിക്കുകയും ചെയ്യുന്നുവോ, അത്രയധികം നാം ജീവന്റെ ഒഴുക്കിലായിരിക്കുകയും, എത്രയധികം നാം ജീവന്റെ ഒഴുക്കിലായിരിക്കുന്നുവോ, അത്രയധികം നാം പണിയപ്പെടുകയും ചെയ്യുന്നു. ഇതാണ് കെട്ടിടം അനുഭവമാക്കുന്നതിനുള്ള മാർഗം. കർത്താവിനു സ്തുതി!